**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **28-01-2026 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ റൈസ് പാർക്ക്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ റൈസ് പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | റൈസ് പാർക്കിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | അഡ്മിൻ ബ്ലോക്ക്, പ്രീക്ലീനിംഗ് കെട്ടിടം, ചരക്ക് സംഭരണകെട്ടിടം, ഓവർ ഹെഡ് ടാങ്ക്, സമ്പ്, പമ്പ് റൂം, സുരക്ഷാ ക്യാബിൻ, തൊഴിലാളികളുടെ വിശ്രമമുറി, എഫ്ലുവൻ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, സബ്സ്റ്റേഷൻ, വെയിംഗ്ബ്രിഡ്ജ്, കോമ്പൗണ്ട് മതിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ലെവലിങ് പ്രവൃത്തി നടത്തി.<br><br>പ്ലാന്റ് ആന്റ് മെഷിനറിയുടെ ഡ്രോയിംഗ് അന്തിമമാക്കി വർക്ക് ഓർഡർ നൽകുകയും മെഷിനറി പ്ലാറ്റ്ഫോം സ്റ്റീൽസ് സൈറ്റിൽ എത്തിയ്ക്കുകയും ചെയ്തു. |
| (സി) | റൈസ് പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | പ്ലാൻ്റിലേക്കുള്ള മെഷിനറി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായാൽ മാത്രമേ റൈസ് പാർക്കിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ